അഭിമുഖം

anvarputhalath@gmail.com ▸ basheerudheentp@gmail.com
▸ ഡോ. പി. അൻവർ/ ബഷീർ തൃപ്പനച്ചി

# ഉന്നത വിദ്യാഭ്യാസം കേരളം മാറിയേ പറ്റൂ

**കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെയും അറബിക് യൂനിവേഴ്സിറ്റിയടക്കമുള്ള പുതിയ വിദ്യാഭ്യാസ പദ്ധതികളെയും കുറിച്ച് കേരള ഹയർ എജ്യുക്കേഷൻ കൗൺസിൽ സെക്രട്ടറി ഡോ. പി. അൻവർ *പ്രബോധന*ത്തോട് സംസാരിക്കുന്നു.**

**പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങൾക്കും ഇന്നും മികച്ച മാതൃകയാണ്. പക്ഷെ, ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തുമ്പോൾ ആ നിലവാരം താഴേക്ക് പോകുന്നു. മലയാളി വിദ്യാർഥികൾ പോലും ഉപരിപഠനത്തിന് ഇതര സംസ്ഥാനങ്ങളിലേക്ക് വണ്ടി കയറേണ്ട അവസ്ഥയാണുള്ളത്. എന്തു കൊണ്ടാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു മാറ്റം സംഭവിക്കാത്തത്?**

ശരിയാണ്, സാക്ഷരതാമിഷനിലും സ്കൂൾ വിദ്യാഭ്യാസ മേഖലയിലും കേരളം നേരത്തെ തന്നെ ഇന്ത്യക്ക് മാതൃകയാണ്. ആ മികവ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പുലർത്താൻ പല കാരണങ്ങളാൽ നമുക്കായിട്ടില്ല. കേരളത്തിലെ ഏറ്റവും മികച്ച യൂനിവേഴ്സിറ്റിയായ കുസാറ്റ് പോലും ലോകറാങ്കിംഗിൽ 1650-ാം സ്ഥാനത്ത് മാത്രമാണുള്ളത്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ റാങ്കാവട്ടെ 4053 ആണ്. ലോകനിലവാരത്തിൽ കേരളത്തിലെ യൂനിവേഴ്സിറ്റികൾ എത്ര താഴെയാണുള്ളതെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്ടിലെയും കർണാടകയിലെയും യൂനിവേഴ്സിറ്റികൾ ഇവയേക്കാൾ റാങ്കിംഗിൽ മുകളിലാണ്. സ്വാഭാവികമായും കേരളത്തിലെ യൂനിവേഴ്സിറ്റികളുടെ ഗുണനിലവാരമില്ലായ്മയും ഇതര സംസ്ഥാനങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ മലയാളികളെ പ്രേരിപ്പിക്കുന്ന കാരണങ്ങളിലൊന്നാണ്.

നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തി ചികിത്സിക്കുകയാണ് ഒരു മാറ്റത്തിന് ആദ്യം വേണ്ടത്. കലാലയങ്ങളിലെ രാഷ്ട്രീയ അതിപ്രസരമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു തീരാ ശാപം. ഒരു മാറ്റവും അംഗീ

നിലവിൽ സ്കൂൾ ഹയർസെക്കന്ററി തലങ്ങളിൽ അധ്യാപകനാകാൻ ട്രെയ്നിംഗ് കോഴ്സ് നിർബന്ധമാണ്. പക്ഷെ, കോളജ്-യൂനിവേഴ്സിറ്റി ലക്ചർമാർക്ക് അത് ബാധകമല്ല. പല ലക്ചർമാരുടെയും അധ്യാപനം ശരാശരിക്കും താഴെയാണ്. അതിനാൽ നിർബന്ധമായും മൂന്ന് മാസത്തെ ട്രെയ്നിംഗ് കോഴ്സ് കോളേജ് അധ്യാപകർക്ക് ഏർപ്പെടുത്തണമെന്നുള്ള ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ നിർദേശം സർക്കാർ അംഗീകരിച്ചിരിക്കുകയാണ്.



• *ബഷീർ തൃപ്പനച്ചി, ഡോ. പി. അൻവർ*

കരിക്കാനാവാത്ത രാഷ്ട്രീയ ഹുങ്കും, എല്ലാം വിവാദമാക്കി ഒന്നും നടപ്പാക്കാൻ സമ്മതിക്കാത്ത അന്തരീക്ഷവുമാണ് യൂനിവേഴ്സിറ്റികളടക്കമുള്ള നമ്മുടെ ഉന്നത കലാലയങ്ങളിലുള്ളത്. അധ്യാപകരിലും വിദ്യാർഥികളിലും മറ്റ് സ്റ്റാഫുകളിലും ഈ അമിത രാഷ്ട്രീയവൽക്കരണം കാണാം. അതിനാൽ ഭരണപക്ഷം എത്ര നല്ല മാറ്റം കൊണ്ടു വന്നാലും എതിർത്ത് തോൽപ്പിക്കുയെന്നതാകുന്നു എല്ലാവരുടെയും ലക്ഷ്യം. കാലങ്ങളായി നിലനിൽക്കുന്ന ഈ നിഷേധാത്മക നിലപാട് നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്തെ മൊത്തം ഗുണമേന്മയെയാണ് പ്രതികൂലമായി ബാധിച്ചത്. ഇത് പരിഹരിക്കാൻ ഉന്നത വിദ്യാഭ്യാസ സമിതിയുടെ തീരുമാനങ്ങൾ കൊണ്ടോ പദ്ധതികൾ കൊണ്ടോ മാത്രം സാധിക്കില്ല. അധ്യാപകരും വിദ്യാർഥികളും രാഷ്ട്രീയ പാർട്ടികളും പൊതു സമൂഹവും ഒന്നടങ്കം ഉന്നത വിദ്യാഭ്യാസത്തോടുള്ള തങ്ങളുടെ സമീപനം മാറ്റേണ്ടതുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് വരുന്ന മാറ്റങ്ങളെ ഗുണപരമായി ഉൾക്കൊള്ളാൻ എല്ലാവർക്കും സാധിക്കണം. ഓട്ടോണമസ് കോളേജ് അടക്കമുള്ള പദ്ധതികളിലൂടെ ഈ മാറ്റം കേരളത്തിൽ കൊണ്ടുവരാനാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലും സർക്കാറും ശ്രമിക്കുന്നത്. അതോടൊപ്പം നിലവിലെ യൂനിവേഴ്സിറ്റികളുടെയും കോളേജുകളുടെയും ഗുണനിലവാരം വീണ്ടെടുക്കാനുള്ള നിർദേശങ്ങളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്.

കോളേജ് അധ്യാപകർക്ക് നിർബന്ധിത ട്രെയ്നിംഗ് നൽകാനുള്ള സംവിധാനമാണ് അതിൽ മുഖ്യമായത്. നിലവിൽ സ്കൂൾ ഹയർസെക്കന്ററി തലങ്ങളിൽ അധ്യാപകനാകാൻ ട്രെയ്നിംഗ് കോഴ്സ് നിർബന്ധമാണ്. പക്ഷെ, കോളജ്-യൂനിവേഴ്സിറ്റി ലക്ചർമാർക്ക് അത് ബാധകമല്ല. പല ലക്ചർമാരുടെയും അധ്യാപനം ശരാശരിക്കും താഴെയാണ്. അതിനാൽ നിർബന്ധമായും മൂന്ന് മാസത്തെ ട്രെയ്നിംഗ് കോഴ്സ് കോളേജ് അധ്യാപകർക്ക് ഏർപ്പെടുത്തണമെന്നുള്ള ഹയർ എജ്യുക്കേഷൻ കൗൺസിലിന്റെ നിർദേശം സർക്കാർ അംഗീകരിച്ചിരിക്കുകയാണ്. കഴിഞ്ഞ ബജറ്റിൽ ഈ ലക്ഷ്യാർഥമുള്ള ഫാക്കൽറ്റി ട്രെയ്നിംഗ് അക്കാദമിക്ക് സംഖ്യ വിലയിരുത്തിയിട്ടുണ്ട്. ഈ ട്രെയ്നിംഗ് കോഴ്സ് അധ്യാപകരുടെ ഗുണനിലവാരമുയർത്തുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. ഇതുപോലെ കോളേജുകളുടെയും യൂനിവേഴ്സിറ്റികളുടെയും ഗുണനിലവാരം പരിശോധിച്ച് അവയെ ഗ്രേഡുകളാക്കി തിരിക്കാനുള്ള സംവിധാനമേർപ്പെടുത്താനും നിർദേശം സമർപ്പിച്ചിട്ടുണ്ട്.

ഇതിനുവേണ്ടി ദേശീയ തലത്തിലെ നാക് (National Accreditaion and Assessment Council) പോലെ സംസ്ഥാന തലത്തിൽ K.S.A.A.C (Kerala State Assessment and Accreditaion Council) രൂപീകരിക്കും. ഗവൺമെന്റ്, എയ്ഡഡ് അൺ എയ്ഡഡ്, ടെക്നിക്കൽ/ആർട്സ് & സയൻസ്കോളേജ് തുടങ്ങി കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഈ കൗൺസിൽ ഗുണനിലവാരപരിശോധനക്ക് വിധേയമാക്കും. ഗ്രേഡിംഗിലെ മികവനുസരിച്ചായിരിക്കും തുടർന്നുള്ള യു.ജി.സി അടക്കമുള്ള ഏജൻസികളുടെ ഫണ്ടുകളും പുതിയ കോഴ്സുകളും കോളേജുകൾക്ക് അനുവദിക്കുക. താഴ്ന്ന ഗ്രേഡുള്ളവർ നിലവാരമുയർത്തിയാൽ മാത്രമേ ഇത്തരം സഹായങ്ങൾ അവർക്ക് ലഭിക്കുകയുള്ളൂ. സ്വാഭാവികമായും അക്കാദമിക മികവ് പുലർത്താൻ എല്ലാ കോളേജുകളും നിർബന്ധിതമായിത്തീരും. അത് വൈകാതെ നമ്മുടെ മൊത്തം ഉന്നത വിദ്യാഭ്യാസ നിലവാരത്തെ ഉയർത്തുകയും ചെയ്യും. സംസ്ഥാനതലത്തിൽ ഇങ്ങനെയൊരു ഏജൻസി ഉണ്ടാക്കണമെന്നും പെർഫോമൻസ് ബെയ്സ് ഫണ്ടിംഗാണ് നടപ്പിലാക്കേണ്ടതെന്നും യു.ജി.സിയുടെയും റൂസയുടെയും (RUSA-Rashtriya Ucchathar Shiksha Abhiyan-National Higher Education Mission) മാർഗനിർദേശത്തിലുള്ളത് കൂടിയാണ്. സർക്കാർ വൈകാതെ ഈ നിർദേശങ്ങൾ നടപ്പിലാക്കുന്നതോടുകൂടി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒട്ടേറെ മാറ്റങ്ങൾ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റൂസയെക്കുറിച്ച് (RUSA) താങ്കൾ സൂചിപ്പിച്ചു. പല സംസ്ഥാനങ്ങളിലും റൂസയുടെ ഫണ്ടുപയോഗിച്ച് പല പദ്ധതികളും ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കി തുടങ്ങിയിരിക്കുന്നു. കേരളത്തിൽ ഇതുവരെ ഇത്തരമൊരു പദ്ധതിയെക്കുറിച്ചും കേട്ടിട്ടുപോലുമില്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് ലഭിക്കേണ്ട കോടികളുടെ കേന്ദ്രഫണ്ടല്ലേ ഇതുവഴി കേരളം നഷ്ടപ്പെടുത്തുന്നത്?

റൂസയുടെ ഫണ്ടും പദ്ധതികളും സംസ്ഥാനങ്ങൾക്ക് ലഭിക്കണമെങ്കിൽ അവർ പറയുന്ന നടപടികൾ പൂർത്തീകരിച്ച് ഇൻസ്റ്റിറ്റ്യൂഷൻ പ്ലാനുകൾ സമർപ്പിക്കണം. കഴിഞ്ഞ അധ്യയനവർഷം കേരളം ഒരു ഇൻസ്റ്റിറ്റ്യൂഷൻ പ്ലാൻ പോലും റൂസക്ക് സമർപ്പിച്ചിട്ടില്ല. അതിനാൽ ഒരു പദ്ധതിയോ ഫണ്ടോ നമുക്ക് ലഭിച്ചിട്ടുമില്ല. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മാത്രം വിചാരിച്ചാൽ നേടിയെടുക്കാവുന്നതല്ല റൂസയുടെ പദ്ധതികൾ. സർക്കാർ തന്നെ മുൻകൈയെടുത്താലേ അത് ലഭിക്കൂ. റൂസ പാസാക്കുന്ന പദ്ധതികൾക്ക് 35 ശതമാനം ഫണ്ട് കണ്ടെത്തേണ്ടത് സംസ്ഥാന സർക്കാരാണ്. 1000 കോടിയുടെ പ്രൊജക്ടിന് 350 കോടി കേരളസർക്കാർ വഹിക്കണം. ഈ ഫണ്ട് എങ്ങനെ കണ്ടെത്തും എന്ന പ്രതിസന്ധിയാണ് സർക്കാറിന്റെ ഈ രംഗത്തെ മെല്ലെപ്പോക്കിന് കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരള സർക്കാർ നിയമിക്കുന്ന ടെക്നിക്കൽ ടീം സംസ്ഥാനത്തിന് അനുയോജ്യമായ റൂസയുടെ പദ്ധതികൾ പഠിച്ച്, തെരഞ്ഞെടുത്തശേഷം മാത്രമാണ് അവ ഉന്നതവിദ്യാഭ്യാസ സമിതിക്ക് മുമ്പാകെ വരിക. അപ്പോൾ മാത്രമാണ് ഞങ്ങൾക്കതിൽ ഇടപെടാൻ കഴിയുക. കഴിഞ്ഞ അധ്യയനവർഷത്തിലെ ഫണ്ടുകൾ ഏതായാലും കേരളത്തിന് നഷ്ടപ്പെടും. ഈ പുതിയ അധ്യയന വർഷത്തിൽ സർക്കാർ ടെക്നിക്കൽ ടീമിനെ പ്രഖ്യാപിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സർക്കാർ വേണ്ട നടപടികൾ സ്വീകരിച്ചാൽ തുടർന്നുള്ള പ്രക്രിയകൾ വേഗത്തിലാക്കാനുള്ള എല്ലാ മുന്നൊരുക്കങ്ങളും ഉന്നതവിദ്യാ

ഭ്യാസ സമിതി സംവിധാനിച്ചിട്ടുണ്ട്.

**പുതിയ അധ്യയനവർഷം ഉന്നത വിദ്യാഭ്യാസരംഗത്ത് അങ്ങനെ വല്ല പദ്ധതി പ്രഖ്യാപനങ്ങളും പ്രതീക്ഷിക്കാമോ?**

തീർച്ചയായും. നിലവിൽ ഉന്നത വിദ്യാഭ്യാസ സമിതി സർക്കാറിന് സമർപ്പിച്ച നിർദേശത്തിലുള്ള അറബിക് യൂനിവേഴ്സിറ്റിയും സർക്കാറിന്റെ തന്നെ പ്ലാനിലുള്ള പോലീസ് യൂനിവേഴ്സിറ്റിയുമെല്ലാം റൂസയുടെ പദ്ധതിയിൽ ഉൾപ്പെടുത്താമെന്നാണ് പ്രതീക്ഷിക്കുന്നത്. റൂസയുടെ സഹായത്തോടെ അധ്യാപക പരിശീലനപരിപാടിയടക്കമുള്ള പ്രൊജക്ടുകളും ഈ വർഷം തന്നെ ആരംഭിക്കാനാവും. അപ്പോഴും ഒരാശങ്ക പങ്കുവെക്കേണ്ടതുണ്ട്. നിലവിലെ കേന്ദ്ര സർക്കാർ മാറിയാൽ റൂസയുടെ സ്കീമുകൾ തന്നെ അട്ടിമറിക്കുകയോ മരവിപ്പിക്കുകയോ ചെയ്തേക്കാം എന്നതാണത്.

**അറബിക് യൂനിവേഴ്സിറ്റി എന്ന പ്രൊജക്റ്റ് രൂപം കൊള്ളുന്നതെങ്ങനെയാണ്? എന്താണ് അതിലെ വിദ്യാഭ്യാസ പദ്ധതികൾ?**

നിലവിലെ അറബിക് കോളേജുകളെയും അതിലെ കോഴ്സുകളെയും വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധ്യമായ നിർദേശങ്ങൾ സമർപ്പിക്കണമെന്ന് കേരള സർക്കാർ ആവശ്യപ്പെട്ടിരുന്നു. ആ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ സമിതി നിശ്ചയിച്ച ഞാൻ ചെയർമാനായുള്ള കമ്മിറ്റി നടത്തിയ വിശദമായ ചർച്ചയുടെ ഫലമായുണ്ടായ നിർദേശങ്ങളിലൊന്നാണ് അറബിക് യൂനിവേഴ്സിറ്റി. നിലവിലെ അറബിക് കോളേജുകളുടെ ഘടനയും സിലബസും പുതുക്കാനും നവീനകോഴ്സുകൾ ആരംഭിക്കാനുമുള്ള നിർദേശങ്ങളും കമ്മിറ്റി മുന്നോട്ടു വെച്ചിട്ടുണ്ട്. നിലവിൽ ഹയർസെക്കന്ററിക്ക് തുല്യമുള്ള രണ്ട് വർഷ ദൈർഘ്യമുള്ള അഫ്ദലുൽ ഉലമ പ്രിലിമിനറി കോഴ്സ് അറബിക് കോളേജുകളിൽ നിന്ന് ഹയർസെക്കന്ററി വിഭാഗത്തിലേക്ക് മാറ്റാനും ഉദ്ദേശ്യമുണ്ട്. പല സർക്കാർ ഫണ്ടുകളും ഈ ഘടന നിലനിൽക്കുന്നതിനാലാണ് അറബി കലാലയങ്ങൾക്ക് ലഭിക്കാതിരിക്കുന്നത്. മറ്റു എയ്ഡഡ് ആർട്സ് ആന്റ് കോളേജുകളുടെ ഘടനയിലേക്ക് അറബിക് കോളേജുകൾ വരികവഴി അവയ്ക്ക് ലഭിക്കുന്ന എല്ലാ പദ്ധതികളും സഹായങ്ങളും ഇവക്കും ലഭിക്കണമെന്നാണ് ഉന്നത വിദ്യാഭ്യാസ സമിതി ലക്ഷ്യമിടുന്നത്.

അറബിക് കോളേജുകളുടെ ഈ സമഗ്ര പരിഷ്കരണം ചർച്ച ചെയ്യുന്ന വേളയിലാണ് കേരളത്തിൽ ഒരു അന്തർദേശീയ നിലവാരമുള്ള അറബിക് യൂനിവേഴ്സിറ്റിയെന്ന പദ്ധതി സമിതിയുടെ ചർച്ചയിൽ വന്നത്. തുടർന്നു നടന്ന വിശദമായ പഠനത്തിന്റെ ഫലമായാണ് ഇപ്പോൾ സർക്കാറിന് സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടുണ്ടാകുന്നത്. അറബ് ലോകത്തെ ഉന്നത യൂനിവേഴ്സിറ്റികളുമായി അക്കാദമിക സഹകരണം ഈ അറബിക് യൂനിവേഴ്സിറ്റിക്ക് ഉണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. അങ്ങനെ അറബ് ലോകത്തെ വിദ്യാർഥികൾക്ക് കൂടി ആശ്രയിക്കാവുന്ന ഉന്നത അറബിക് സർവകലാശാലയായി അത് മാറണം. റിസർച്ച് സ്റ്റഡീസിനായിരിക്കും ഈ യൂനിവേഴ്സിറ്റിയിൽ മുഖ്യ പരിഗണന.

യൂനിവേഴ്സിറ്റിയുടെ അക്കാദമിക മികവിനെ ബാധിക്കുന്ന അമിത രാഷ്ട്രീയ ഇടപെടൽ ഈ യൂനിവേഴ്സിറ്റിയിൽ ഉണ്ടാവരുതെന്ന് സർക്കാറിനോട് നിർദേശിക്കും. വി.സിയെയും മറ്റ് അധ്യാപകരെയും നിയമിക്കുന്നത് അക്കാദമിക മികവിന്റെ അടിസ്ഥാനത്തിലാവണം. വിദേശ ലക്ചർമാർ അടക്കം അവിടെയുണ്ടാവണം. നിലവിലെ നമ്മുടെ സങ്കൽപത്തിലുള്ള ഒരുപാട് അഫിലിയേറ്റഡ് കോളേജുകളുള്ള ഒരു യൂനിവേഴ്സിറ്റിയായല്ല ഞങ്ങൾ അറബിക് യൂനിവേഴ്സിറ്റയെന്ന പ്രൊജക്ട് നിർദേശിച്ചിരിക്കുന്നത്. മറിച്ച്, ജെ.എൻ.യു, അലിഗഢ്, ഇഫ്ലു പോലെ സ്വതന്ത്രയൂനിവേഴ്സിറ്റിയാണ്. ഈ വിഷയങ്ങളിലെല്ലാം അന്തിമ തീരുമാനമെടുക്കേണ്ടത് കേരള സർക്കാരാണ്.

**കേവലം അറബി ഭാഷയുമായി ബന്ധപ്പെട്ട കോഴ്സുകൾ മാത്രം പഠിപ്പിക്കുന്ന ഒരു യൂനിവേഴ്സിറ്റിയായി ഈ സങ്കൽപം ചുരുങ്ങുമോ? നിലവിലെ സംസ്കൃത യൂനിവേഴ്സിറ്റിയിലുള്ള വേദിക് പഠനം, ഫിലോസഫിക്കൽ സ്റ്റഡീസ് പോലത്തെ കോഴ്സുകൾ അറബിക് യൂനിവേഴ്സിറ്റിയിൽ പ്രതീക്ഷിക്കാമോ?**

അറബിക് ഭാഷ പഠിപ്പിക്കുന്ന വ്യത്യസ്ത കോഴ്സുകൾ മാത്രമുള്ള ഒരു യൂനിവേഴ്സിറ്റിയെന്ന ചെറിയ സങ്കൽപമല്ല അറബിക് യൂനിവേഴ്സിറ്റിക്കുള്ളത്. അത് കൊണ്ടാണ് ഞാനാദ്യം തന്നെ റിസർച്ച് സ്റ്റഡീസിനായിരിക്കാം ഈ യൂനിവേഴ്സിറ്റി മുഖ്യ പരിഗണന നൽകുക എന്ന് പറഞ്ഞത്. ഇന്തോ-അറബ് കൾചർ, ഖുർആനിക് സ്റ്റഡീസ്, അറബിക് ഫിലോസഫി തുടങ്ങി ഒട്ടനവധി കോഴ്സുകൾ അറബിക് യൂനിവേഴ്സിറ്റിയിൽ ആരംഭിക്കാനാവും. ഇപ്പോൾ പ്രാഥമിക റിപ്പോർട്ട് മാത്രമാണ് സർക്കാറിന് സമർപ്പിച്ചിട്ടുള്ളത്. വൈകാതെ അതിന്റെ വിശദ രൂപങ്ങൾ ഉണ്ടാകും. സർക്കാർ റിപ്പോർട്ട് അംഗീകരിച്ചാൽ എല്ലാ സംഘടനകൾക്കും പണ്ഡിതന്മാർക്കും നിർദേശങ്ങൾ സമർപ്പിക്കാം. ഇപ്പോൾ തന്നെ പ്രാഥമിക വിവരങ്ങൾ വെബ്സൈറ്റിൽ ഉണ്ട് (www.kshec.kerala.gov.in). കോഴ്സുകളെ കുറിച്ച് പഠിക്കുന്നതിന് വേണ്ടി ഉന്നത സമിതി ഇപ്പോൾ തന്നെ ഇന്ത്യയിലെ ചില സ്വകാര്യ ഇസ്‌ലാമിക യൂനിവേഴ്സിറ്റികൾ സന്ദർശിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ശാന്തപുരം ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയും (www.aljamia.net) ചെമ്മാട് ദാറുൽ ഹുദാ യൂനിവേഴ്സിറ്റിയും (www.darulhuda.com) ബംഗാളിലെ ആലിയാ യൂനിവേഴ്സിറ്റിയും (www.aliah.ac.in) അതിലുൾപ്പെട്ടതാണ്. ഇവിടെ നിന്നെല്ലാം സ്വീകരിക്കാൻ പറ്റുന്ന മാതൃകകളുണ്ടെങ്കിൽ അറബിക് യൂനിവേഴ്സിറ്റിയിൽ അത് നടപ്പാക്കും. ഇങ്ങനെ വിശാലാർഥത്തിലുള്ള ഒരു വൈജ്ഞാനിക സംരംഭമാണ് അറബിക് യൂനിവേഴ്സിറ്റികൊണ്ട് ഉദ്ദേശിക്കുന്നത്. ■

> ഇന്തോ- അറബ് കൾചർ, ഖുർആനിക് സ്റ്റഡീസ്, അറബിക് ഫിലോസഫി തുടങ്ങി ഒട്ടനവധി കോഴ്സുകൾ അറബിക് യൂനിവേഴ്സിറ്റിയിൽ ആരംഭിക്കാനാവും. ഇപ്പോൾ പ്രാഥമിക റിപ്പോർട്ട് മാത്രമാണ് സർക്കാറിന് സമർപ്പിച്ചിട്ടുള്ളത്. വൈകാതെ അതിന്റെ വിശദ രൂപങ്ങൾ ഉണ്ടാകും. സർക്കാർ റിപ്പോർട്ട് അംഗീകരിച്ചാൽ എല്ലാ സംഘടനകൾക്കും പണ്ഡിതന്മാർക്കും നിർദേശങ്ങൾ സമർപ്പിക്കാം.